പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1806 25/03/13-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളിക്ക് വീട്ടു വക്കുന്നതിനുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ): |
| (എ) ഇ.എം.മുഹമ്മദ്, S/o.കുഞ്ഞുമൊയ്തീൻ കുട്ടി, കോച്ചൻവീട്, എടക്കഴിയൂർ പി.ഒ. എന്നയാൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വീട്ടു നിർമ്മിക്കുന്നതിനുള്ള ധനസഹായം തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിഷേധിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) & (ബി) ഇ.എം.മുഹമ്മദ്, ഹാജരാക്കിയ രേഖയിൽ ടിയാന് വസ്തുവിന്റെ ഉടമസ്ഥാവകാശം ഇല്ല എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് ധനസഹായം നല്കുവാൻ കഴിയാതിരിക്കുന്നത്. |
| (ബി) മത്സ്യത്തൊഴിലാളിക്ക് കൈവശാവകാശരേഖ ഉണ്ടായിട്ടും വീടുവെയ്ക്കുന്നതിനുള്ള ആനുകൂല്യം നിഷേധിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | |
| (സി) മത്സ്യത്തൊഴിലാളിയുടെ ഭവന നിർമ്മാണത്തിന് സി.ആർ.ഇസെഡ്. പരിധിയിലുള്ള ഭൂമിയെന്നു പറഞ്ഞ് അനുമതി നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) CRZ പരിധിക്കുള്ളിലെ ഭൂമിയായതിനാൽ പട്ടയം നല്കുവാൻ കഴിയുകയില്ല എന്ന് ചാവക്കാട് തഹസിൽദാറിൽ നിന്നും മറുപടി ലഭിച്ചിട്ടുള്ള സാഹചര്യത്തിലാണ് അനുമതി നൽകാതിരുന്നത്. |

സെക്ഷൻ ഓഫീസർ